**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **02-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കുവാൻ ആകെ വേണ്ടിവരുന്ന അദ്ധ്യാപകരുടെ എണ്ണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. സിലബസുകൾ തയ്യാറാക്കി കഴിയുമ്പോൾ നാലാം വർഷത്തേക്ക് അധിക തസ്തികകൾ വേണ്ടി വരുമോ എന്നത് സംബന്ധിച്ച് വ്യക്തത വരുന്നതാണ് . |
| (ബി) | നാലു വർഷ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ അധിക തസ്തികകൾ ഇല്ലാതെയാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടാൽ പി.എസ്.സി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. |
| (സി) | നാലു വർഷ ഡിഗ്രി കോഴ്സ് വരുന്നതോടെ ഇപ്പോഴുള്ള അധിക അദ്ധ്യാപക തസ്തികകളെ പുനർവിന്യസിക്കാനുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളുമോ; വ്യക്തമാക്കുമോ; | (സി) | അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. |
| (ഡി) | നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ ഇല്ലാതെയാകുന്ന വിവിധ വിഷയങ്ങളിലെ അധിക അദ്ധ്യാപകരുടെ എണ്ണം ലഭ്യമായിട്ടുണ്ടോ; | (ഡി) | നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അദ്ധ്യാപക തസ്തികകൾ ഒന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അദ്ധ്യാപകരുടെ മുഴുവൻ ജോലിഭാരവും സംരക്ഷിച്ചു കൊണ്ടുള്ള നാല് വർഷ കരിക്കുലം ആണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് . |
| (ഇ) | അധിക അദ്ധ്യാപകർ എന്നുള്ള കാരണം കാണിച്ച് റിട്ടയർമെന്റ് അടക്കമുള്ള ഒഴിവുകൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ റിപ്പോർട്ട് ചെയ്യരുതെന്നുള്ള നിർദ്ദേശം വകുപ്പ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ ഡയറക്ടേറ്റിൽ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഇല്ല.<br>പി. ജി കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01.06.2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക് ലോഡ് ഇല്ലാത്ത അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ വിവിധ വിഷയങ്ങളിൽ 01.06.2020 ന ശേഷം ഉണ്ടായ ഒഴിവുകൾ പി. എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അദ്ധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ